# കേരള സർക്കാർ

# പൊതു വിദ്യാഭ്യാസ വകുപ്പ്

# നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (NMMS) പരീക്ഷാ വിജ്ഞാപനം

## 2021-22

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം**

**പരീക്ഷാഭവൻ, പൂജപ്പുര**

**തിരുവനന്തപുരം-12**

**ഇ.എക്സ്/എച്ച്.3/42031/2021/സി.ജി.ഇ.**

**പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,**
**പരീക്ഷാഭവൻ, പൂജപ്പുര,**
**തിരുവനന്തപുരം. തീയതി: 18.01.2022.**

# വിജ്ഞാപനം

**വിഷയം:- പൊതുവിദ്യാഭ്യാസം -പരീക്ഷാഭവൻ-8-ാം ക്ലാസ് വിദ്യാർത്ഥികൾക്കായുള്ള 2021-22 അദ്ധ്യയന വർഷത്തെ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷ (NMMSE) - അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്.**

**സൂചന: 1. കേന്ദ്രസർക്കാർ കത്ത് നമ്പർ 1-6/2020-എസ്.എസ് (പി.റ്റി.) തീയതി 22.12.2021.**

**2. സർക്കാർ ഉത്തരവ് (ആർ.ടി)നമ്പർ3179/2020/പൊ.വി.വ. തീയതി 29.11.2020.**

**********

**കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നടപ്പിലാക്കി വരുന്ന പദ്ധതിയായ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് (NMMS) അർഹരായ കുട്ടികളെ കണ്ടെത്തുന്നതിനുള്ള പരീക്ഷയിൽ പങ്കെടുക്കുന്നതിലേക്കായി അപേക്ഷകൾ ക്ഷണിക്കുന്നു. സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ 2021-22 അദ്ധ്യയന വർഷം 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (NMMS) പരീക്ഷയിൽ പങ്കെടുക്കുവാൻ അപേക്ഷിക്കാവുന്നതാണ്. പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ http://nmmse.kerala.gov.in മുഖേന ഓൺലൈൻ വഴിയാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. NMMS പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിന് ഫീസില്ല.**

**പ്രസ്തുത സ്കോളർഷിപ്പിനെ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.**

## 1. അപേക്ഷാ സമർപ്പണം:

**2022 ജനുവരി 20-ാം തീയതി മുതൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 04.02.2022. അപേക്ഷകർക്ക് സ്വന്തമായോ അല്ലെങ്കിൽ സ്കൂൾ മുഖാന്തിരമോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിച്ചശേഷം അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും സ്കൂൾ പ്രഥമാദ്ധ്യാപകന് വെരിഫിക്കേഷനായി സമർപ്പിക്കണം. അപേക്ഷയുടെ ഹാർഡ് കോപ്പി പരീക്ഷാഭവനിലേക്ക് അയക്കേണ്ടതില്ല. സ്കൂളിൽ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സ്കൂൾ മേധാവി 07.02.2022-ന് വൈകിട്ട് 5 മണിക്കുള്ളിൽ വെരിഫിക്കേഷൻ പൂർത്തീകരിക്കേണ്ടതാണ്. വെരിഫൈ ചെയ്യുന്ന സമയത്ത് പ്രഥമാദ്ധ്യാപകൻ ബന്ധപ്പെട്ട രേഖകൾ ശരിയാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.**

## 2. യോഗ്യത സംബന്ധിച്ച നിർദ്ദേശങ്ങൾ :-

i. സംസ്ഥാനത്തെ ഗവ./എയ്ഡഡ് സ്കൂളുകളിൽ 2021-22 അദ്ധ്യയന വർഷം 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (NMMS) പരീക്ഷയിൽ പങ്കെടുക്കുവാൻ അപേക്ഷിക്കാവുന്നതാണ്..

ii. സംസ്ഥാന സർക്കാർ നടത്തുന്ന റസിഡൻഷ്യൽ സ്കൂളുകൾ, മറ്റ് അംഗീകൃത സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയം, ജവഹർ നവോദയ വിദ്യാലയം എന്നിവിടങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

iii. രക്ഷാകർത്താക്കളുടെ വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ കൂടാൻ പാടില്ല.

## 3. അപേക്ഷിക്കുന്നതിന് ആവശ്യമായ രേഖകൾ:

i. വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന ഒന്നര ലക്ഷം രൂപയിൽ അധികരിക്കാത്തതും നിശ്ചിത കാലാവധി കഴിയാത്തതുമായ വരുമാന സർട്ടിഫിക്കറ്റ്. പ്രസ്തുത സർട്ടിഫിക്കറ്റ് pdf ഫോർമാറ്റിൽ 100 kb-യ്ക്ക് താഴെ സൈസ് ഫയലായി അപ്‌ലോഡ് ചെയ്യണം.

ii. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (എസ്.സി./എസ്.ടി. വിഭാഗങ്ങളിലെ കുട്ടികൾക്ക് മാത്രം). സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം.

iii. 40%-ത്തിൽ കുറയാതെ ഭിന്നശേഷിയുള്ള കുട്ടികൾക്കുമാത്രമേ പ്രസ്തുത വിഭാഗത്തിൽ (Persons with Disability) അപേക്ഷിക്കുവാൻ കഴിയൂ. ആയത് തെളിയിക്കുന്നതിനായി മെഡിക്കൽ ബോർഡിന്റെ അംഗീകൃത സർട്ടിഫിക്കറ്റ് നിർബന്ധമാണ്. അല്ലാത്തപക്ഷം പ്രസ്തുത അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഇത്തരം അപേക്ഷകർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം.

iv. ആറ് മാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ (അപ്‌ലോഡ് ചെയ്യുന്നതിന്). ഫോട്ടോ 150 × 200 pixel, 20 kb മുതൽ 30 kb വരെ വലിപ്പമുള്ളതുമായ jpg/ jpeg ഫോർമാറ്റിലുള്ളതായിരിക്കണം.

## 4. പരീക്ഷയുടെ സിലബസും ഘടനയും :-

90 മിനിറ്റ് വീതമുള്ള 2 പാർട്ടുകളായിട്ടാണ് പരീക്ഷ നടത്തുന്നത്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അധിക സമയം ഉണ്ടായിരിക്കുന്നതാണ്.

**Part I- Mental Ability Test (MAT)**

**Part II- Scholastic Aptitude Test (SAT)**

MAT: - മാനസിക ശേഷി പരിശോധിക്കുന്ന 90 ബഹു ഉത്തര ചോദ്യങ്ങൾ (Multiple Choice Questions) ഈ വിഭാഗത്തിൽ ഉണ്ടായിരിക്കും. ചോദ്യങ്ങളിൽ സാദൃശ്യം കണ്ടെത്തൽ, വർഗ്ഗീകരിക്കൽ, സംഖ്യാശ്രേണികൾ, പാറ്റേണുകൾ തിരിച്ചറിയൽ, മറഞ്ഞിരിക്കുന്ന രൂപങ്ങൾ കണ്ടെത്തൽ എന്നിങ്ങനെ വിവിധ മേഖലകൾ ഉൾപ്പെടും.

SAT:- 7, 8 ക്ലാസ്സുകളിലെ ഭാഷേതര വിഷയങ്ങളായ സോഷ്യൽ സയൻസ് (35 മാർക്ക്), അടിസ്ഥാന ശാസ്ത്രം (35 മാർക്ക്), അടിസ്ഥാന ഗണിതം (20 മാർക്ക്) എന്നിവയിൽ നിന്നും 90 ബഹു ഉത്തര ചോദ്യങ്ങൾ (Multiple Choice Questions) ഈ വിഭാഗത്തിൽ ഉണ്ടായിരിക്കും. താഴ്ന്ന ക്ലാസ്സുകളിൽ പഠിച്ചിട്ടുള്ള പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട ഉയർന്ന തലത്തിലുള്ള ചിന്താപ്രക്രിയ ഉൾക്കൊള്ളുന്ന ചോദ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്.

രണ്ട് പാർട്ടിലെയും ഓരോ ചോദ്യത്തിനും ഓരോ മാർക്ക് വീതമാണ് ലഭിക്കുന്നത്. ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നട എന്നീ ഭാഷകളിൽ ചോദ്യപേപ്പർ ലഭ്യമാണ്. ഏത് ഭാഷയിലുള്ള ചോദ്യപേപ്പറാണ് വേണ്ടതെന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.

## 5. പരീക്ഷാ തീയതിയും സമയദൈർഘ്യവും:-

പരീക്ഷാതീയതിയും സമയവും പിന്നീട് പ്രഖ്യാപിക്കുന്നതാണ്.

## 6. സ്കോളർഷിപ്പിന് അർഹത നേടുന്നതിനുള്ള വ്യവസ്ഥകൾ-

i. സ്കോളർഷിപ്പിന് അർഹത നേടുന്നതിന് MAT, SAT എന്നീ ഇരു പരീക്ഷകളിലുമായി 40%-ൽ കുറയാതെ മാർക്ക് നേടിയിരിക്കണം. (എസ്.സി./ എസ്.ടി. വിഭാഗത്തിലുള്ള കുട്ടികൾക്ക് 32% മാർക്ക് മതിയാകും).

ii. കേന്ദ്ര സർക്കാർ മാനദണ്ഡം അനുസരിച്ച് കേരളത്തിൽ നിന്നും ഓരോ അദ്ധ്യയനവർഷവും 3473 കുട്ടികൾക്കാണ് പ്രസ്തുത സ്കോളർഷിപ്പിന് അർഹതയുളളത്.

iii. യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിൽ 9-ാം ക്ലാസ് മുതലാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. തുടർന്ന്, 10-ാം ക്ലാസ്സിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിന് 9-ാം ക്ലാസ്സിലെ വാർഷിക പരീക്ഷയിൽ 55% മാർക്കും, 11-ാം ക്ലാസ്സിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിന് 10-ാം ക്ലാസ്സിലെ പൊതുപരീക്ഷയിൽ 60% മാർക്കും, 12-ാം ക്ലാസ്സിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിന് 11-ാം ക്ലാസ്സിലെ വാർഷിക പരീക്ഷയിൽ 55% മാർക്കും നേടിയിരിക്കണം. എസ്.സി./ എസ്.ടി വിഭാഗങ്ങളിലെ കുട്ടികൾക്ക് 5% മാർക്ക് ഇളവുണ്ട്.

iv. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾ തൊട്ടടുത്ത വർഷം (9-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ) നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP) വഴി ഓൺലൈൻ മുഖേന ഫ്രഷ് അപേക്ഷയും, തുടർന്നുള്ള വർഷങ്ങളിൽ renewal അപേക്ഷയും സമർപ്പിക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ സ്കോളർഷിപ്പ് നഷ്ടപ്പെടുന്നതാണ്.

v. പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് 15%, പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾക്ക് 7.5%, കുറഞ്ഞത് 40% ഭിന്നശേഷിക്കാരായകുട്ടികൾക്ക് 4% എന്ന ക്രമത്തിൽ പ്രാതിനിധ്യം/സംവരണം ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും ജില്ലയിൽ എസ്.സി./എസ്.ടി. വിഭാഗം കുട്ടികളുടെ ക്വാട്ടയിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾ ആവശ്യത്തിന് ലഭിക്കാത്ത സാഹചര്യമുണ്ടായാൽ ആ ജില്ലയിലെ എസ്.ടി. വിഭാഗത്തിൽ നിന്നും, എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾ ആവശ്യത്തിന് ജില്ലയിൽ ലഭ്യമല്ലെങ്കിൽ ജില്ലയിലെ എസ്.സി. വിഭാഗത്തിൽ നിന്നും, എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെടുന്ന ആവശ്യമായ എണ്ണം കുട്ടികളെ ഉൾപ്പെടുത്താൻ ഇരുവിഭാഗത്തിൽനിന്നും ലഭിക്കാത്ത സാഹചര്യം ഉണ്ടായാൽ മറ്റു ജില്ലകളിൽപ്പെടുന്ന എസ്.സി./ എസ്.ടി കുട്ടികളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുട്ടികളെയും ഉൾപ്പെടുത്തുന്നതാണ്.

മേൽ പരാമർശിച്ച പ്രകാരം സംവരണം അനുവദിക്കുന്നതിൽ ഓപ്പൺ മെറിറ്റ് വിഭാഗത്തിലേക്ക് അർഹതപ്പെട്ടവരെ ആദ്യം പരിഗണിച്ചശേഷം മേൽ പ്രാതിനിധ്യം ഉറപ്പാക്കത്തക്കവിധം സംവരണ വിഭാഗങ്ങളിൽ നിന്നും അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതാണ്. പ്രാതിനിധ്യം/ സംവരണം ഉറപ്പാക്കുന്നതിന് ഓപ്പൺ മെറിറ്റ് വിഭാഗത്തിൽപ്പെട്ട എസ്.സി/ എസ്.ടി/ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ പരിഗണിക്കില്ല.

vi. ഏതെങ്കിലും ജില്ലയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ മതിയായ പ്രാതിനിധ്യം ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഒഴിവുകൾ അതേ ജില്ല യിലെ ജനറൽ വിഭാഗത്തിനായി മാറ്റി വയ്ക്കുന്നതാണ്.

vii. നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ആകെ എണ്ണമായ 3,473 എന്നത് എല്ലാ ജില്ലകളുടെയും പ്രാതിനിധ്യം ഉറപ്പാക്കത്തക്കവിധം ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ജില്ലാതല ക്വാട്ട നിശ്ചയിച്ച് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

a. ഓരോ ജില്ലയിലെയും 7, 8 ക്ലാസ്സുകളിൽ അതത് അദ്ധ്യയനവർഷത്തിൽ പ്രവേശിക്കുന്നവരുടെ എണ്ണത്തിന്റെ അനുപാതത്തിലാണ് ഓരോ ജില്ലയ്ക്കും ആകെ അനുവദിക്കാവുന്നതിന്റെ 2/3 ഭാഗം സ്കോളർഷിപ്പ് ക്വാട്ട അനുവദിക്കുന്നത്.

b. ഓരോ ജില്ലയിലെയും സർക്കാർ/ എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന 10 മുതൽ 14 വരെ പ്രായമുള്ള കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ ഓരോ ജില്ലയ്ക്കും ആകെ അനുവദിക്കുന്നതിന്റെ 1/3 ഭാഗം സ്കോളർഷിപ്പ് ക്വാട്ട അനുവദിക്കുന്നതാണ്.

c. NMMS പരീക്ഷ എഴുതുന്ന കുട്ടികൾ സ്കൂൾ രജിസ്റ്ററിൽ നൽകിയിട്ടുള്ള സ്ഥിര മേൽവിലാസം ഏതാണോ ആ ജില്ലയിലെ അപേക്ഷകൻ/അപേക്ഷക ആയി പരിഗണിക്കുന്നതാണ്.

**അർഹരാകുന്ന കുട്ടികൾക്ക് 9, 10, 11, 12 എന്നീ ക്ലാസ്സുകളിൽ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. പ്രതിവർഷം 12,000/- രൂപയാണ് സ്കോളർഷിപ്പ്.**

## 7. <u>ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:-</u>

*സ്കോളർഷിപ്പിന് അപേക്ഷിക്കുമ്പോൾ വിദ്യാർത്ഥിയുടെ പേരിന്റെ spelling, ജനന തീയതി, ആധാർ നം. തുടങ്ങിയ വിവരങ്ങളിൽ ചെറിയ തെറ്റുകൾ സംഭവിച്ചാൽ പോലും സ്കോളർഷിപ്പ് തുക ലഭിക്കാതെ വരും ആയതിനാൽ Online മുഖേന അപേക്ഷ അന്തിമമായി സമർപ്പിക്കുന്നതിന് മുൻപ് നൽകിയ വിവരങ്ങൾ ശരിയാണെന്ന് നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്.*

## 8. അനുബന്ധം (<u>ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന വിധം</u>)-

ജീവൻ ബാബു കെ. ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ &
പരീക്ഷാ കമ്മീഷണർ


# അനുബന്ധം

## ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട വിധം


ഓൺലൈൻ രജിസ്ട്രേഷൻ നടത്തുവാൻ കൈവശം ഉണ്ടാകേണ്ടവ

- സാധുതയുള്ള ഇ-മെയിൽ ഐഡി, മൊബൈൽ നമ്പർ.
- വരുമാന സർട്ടിഫിക്കറ്റ്. [100KB യിൽ താഴെ വലിപ്പം വരുന്ന തരത്തിൽ Pdf ഫോർമാറ്റിൽ സ്കാൻ ചെയ്തത്]
- SC/ST വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് [100KB യിൽ താഴെ വലിപ്പം വരുന്ന തരത്തിൽ Pdf ഫോർമാറ്റിൽ സ്കാൻ ചെയ്തത്]
- Persons with Disability (PWD) വിഭാഗത്തിലുള്ളവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് (40% കുറയാത്ത ഡിസെബിലിറ്റി ഉള്ളത്) [100KB യിൽ താഴെ വലിപ്പം വരുന്ന തരത്തിൽ Pdf ഫോർമാറ്റിൽ സ്കാൻ ചെയ്തത്]
- സമീപകാലത്തെടുത്ത നിർദ്ദിഷ്ട മാതൃകയിലുള്ള പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ സി.ഡി ഡ്രൈവിലോ/പെൻഡ്രൈവിലോ. ഫോട്ടോ 150x200 pixel വലിപ്പത്തിലും 20KB മുതൽ 30KB വരെ ഫയൽ size ഉം jpg/jpeg ഫോർമാറ്റിലുള്ളത്.


വെബ്സൈറ്റ് അഡ്രസ്സ് :http://nmmse.kerala.gov.in എന്നതാണ്. പ്രസ്തുത വെബ്സൈറ്റ് അഡ്രസ്സ്, ബ്രൗസറിൽ നൽകുമ്പോൾ താഴെക്കാണുന്ന ഹോംപേജ് കാണാവുന്നതാണ്.




1. പുതിയ അപേക്ഷകർ ഹോംപേജിലെ Candidate Login നു താഴെകാണുന്ന "New Candidate ? Register Now"എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ലോഗിൻ രജിസ്ട്രേഷൻ ചെയ്യണം. ലോഗിൻ രജിസ്ട്രേഷനായി Name, Date of Birth, Email Id, Mobile Number എന്നിവ നൽകി Register ബട്ടൺ ക്ലിക്ക് ചെയ്യുക. അപ്പോൾ മൊബൈൽ നമ്പറിലേക്ക് ലോഗിൻ ചെയ്യുന്നതിനുള്ള യൂസർ നെയിമും ഡീഫോൾട്ട് പാസ്സ്‌വേർഡും മെസേജായി ലഭിക്കുന്നതാണ്. ഇത്തരത്തിൽ മൊബൈൽ നമ്പറിൽ ലഭിച്ച യൂസർ നെയിമും പാസ്സ്‌വേർഡും ഉപയോഗിച്ച് Candidate Login ചെയ്യണം. ആദ്യതവണ പുതിയ പാസ്സ്‌വേർഡ് സെറ്റ് ചെയ്തശേഷം വീണ്ടും ലോഗിൻ ചെയ്യണം.





2. അപേക്ഷകർ പുതിയ പാസ്സ്‌വേർഡ് സെറ്റ് ചെയ്ത് വീണ്ടും ലോഗിൻ ചെയ്യുമ്പോൾ ലോഗിൻ ഹോം പേജിൽ അപേക്ഷകൻ നൽകിയ ലോഗിൻ വിവരങ്ങളും അപേക്ഷയുടെ സ്ഥിതിയും കാണാവുന്നതാണ്.





3. അപേക്ഷ സമർപ്പിക്കുന്നതിന് ഹോംപേജിലെ Application എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. അഞ്ച് ഘട്ടങ്ങളായാണ് അപേക്ഷയിൽ വിവരങ്ങൾ നൽകേണ്ടത്.

3.1. ഒന്നാം ഘട്ടത്തിൽ (Basic Details) ജെൻഡർ, അഡ്രസ്സ്, ജില്ല, ജാതി, മതം, കാറ്റഗറി (SC/ST/OBC/OEC/General), Persons with Disability (PWD) /or not എന്നിവ രേഖപ്പെടുത്തണം. SC/ST വിഭാഗത്തിലുള്ള അപേക്ഷകർ ജാതി സർട്ടിഫിക്കറ്റ് Pdf ഫോർമാറ്റിൽ സ്കാൻ ചെയ്ത് (100KB യിൽ താഴെ വലിപ്പമുള്ള) അപ്‌ലോഡ് ചെയ്യണം. PWD വിഭാഗത്തിലുള്ള അപേക്ഷകർ Disability Percentage രേഖപ്പെടുത്തുന്നതിനോടൊപ്പം മെ ഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് Pdf ഫോർമാറ്റിൽ (Below 100KB) സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുകയും വേണം. Basic Details സേവ്


ചെയ്യുന്നതിനായി "Save & Proceed" ബട്ടൺ ക്ലിക്ക് ചെയ്യുക




3.2. രണ്ടാംഘട്ടമായി സമീപകാലത്ത് എടുത്ത പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ അപ്‌ലോഡ് ചെയ്യണം. ഫോട്ടോ 150x200 pixel വിലിപ്പത്തിലും 20KB മുതൽ 30KB വരെ ഫയൽ വലിപ്പമുള്ളതും jpg/jpeg ഫോർമാറ്റിൽ ഉള്ളതുമായിരിക്കണം. ഫോട്ടോ സേവ് ചെയ്യുന്നതിനായി "Save & Proceed" ബട്ടൺ ക്ലിക്ക് ചെയ്യുക.





3.3. മൂന്നാം ഘട്ടത്തിൽ Family Details ആണ് നൽകേണ്ടത്. പിതാവിന്റെ പേര്, തൊഴിൽ, മാതാവിന്റെ പേര്, തൊഴിൽ, രക്ഷകർത്താവിന്റെ വിവരം, വാർഷിക വരുമാനം എന്നിവയാണ് ഇവിടെ നൽകേണ്ടത്. വാർഷിക വരുമാന സർട്ടിഫിക്കറ്റ് pdf ഫോർമാറ്റിൽ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യണം.





3.4. നാലാം ഘട്ടമായി അപേക്ഷാർത്ഥി 7, 8 ക്ലാസ്സുകളിൽ പഠിച്ച വിദ്യാലയവിവരങ്ങൾ (Istitution Details) നൽകണം. ആദ്യം 7-ാം തരം പഠിച്ച വിദ്യാലയത്തിന്റെ റവന്യൂ ജില്ല, വിദ്യാഭ്യാസ ജില്ല, സ്കൂൾ എന്നിവ സെലക്ട് ചെയ്തു നൽകണം. തുടർന്ന് 8-ാം തരം പഠിക്കുന്ന വിദ്യാലയത്തിന്റെ റവന്യൂജില്ല, വിദ്യാഭ്യാസജില്ല, സ്കൂൾ എന്നിവ സെലക്ട് ചെയ്തുനൽകുകയും കൂടാതെ അഡ്മിഷൻ നമ്പർ നൽകുകയും വേണം. ഇതിനോടൊപ്പം തന്നെ പരീക്ഷ എഴുതുവാൻ ഉദ്ദേശിക്കുന്ന മീഡിയം Question Paper Medium എന്ന സ്ഥലത്ത് സെലക്ട് ചെയ്ത് നൽകണം. (മലയാളം/ഇംഗ്ലീഷ്/തമിഴ്/കന്നട എന്നിവയിൽ ഏതെങ്കിലും ഒന്ന് സെലക്ട് ചെയ്യാവുന്നതാണ്.) ഇത്രയും വിവരങ്ങൾ

നൽകിയശേഷം "Save & Proceed"  ബട്ടൺ ക്ലിക്ക് ചെയ്യണം.




3.5. അവസാന ഘട്ടമാണ് Preview & Confirmation. അപേക്ഷാ വിവരങ്ങൾ കാണുന്നതിനായി Preview ബട്ടൺ ക്ലിക്ക് ചെയ്യുക. അപേക്ഷയിൽ നൽകിയ വിവരങ്ങളെല്ലാം കാണാവുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ Edit ബട്ടൺ ക്ലിക്ക് ചെയ്ത് അതത് സ്റ്റെപ്പുകളിൽ (Step1,Step2 Step3 Step4 പോയി

തിരുത്തലുകൾ വരുത്തിയശേഷം "Save & Proceed" ബട്ടൺ ക്ലിക്ക് ചെയ്യുക. തിരുത്തലുകൾ ഒന്നുമില്ലെങ്കിൽ Confirmation Declarationടിക്ക് (ചെക്ക്) ചെയ്തശേഷം "Confirm & Submit" ബട്ടൺ ക്ലിക്ക് ചെയ്യുക.




അന്തിമ കൺഫെർമേഷന് ശേഷം അപേക്ഷയിൽ തിരുത്തലുകൾ ഒന്നും തന്നെ വരുത്തുവാൻ സാധിക്കുന്നതല്ല. തുടർന്ന് "Print Your Application" ബട്ടണിൽ ക്ലിക്ക് ചെയ്ത് അപേക്ഷയുടെ പ്രിന്റൌട്ട് എടുക്കാവുന്നതാണ്. പ്രിന്റൌട്ടും അനുബന്ധരേഖകളും 8-ാം തരം പഠിക്കുന്ന സ്കൂൾ മേധാവിയ്ക്ക് അവസാന തീയതിയ്ക്കുമുമ്പായി സമർപ്പിക്കേണ്ടതാണ്. സ്കൂൾ മേധാവി വെരിഫിക്കേഷൻ നടത്തിയ അപേക്ഷകൾ മാത്രമേ സാധുതയുള്ള അപേക്ഷകളായി പരിഗണിക്കുകയുള്ളൂ.

## 4. സ്കൂൾ മേധാവിയ്ക്കുള്ള നിർദ്ദേശങ്ങൾ

നിലവിലുള്ള ലോഗിൻ ഉപയോഗിച്ചു എല്ലാ സ്കൂൾ മേധാവികളും http://nmmse.kerala.gov.in/school എന്ന സൈറ്റിലൂടെ Login ചെയ്യണം. ഹോംപേജിൽ ലഭ്യമാകുന്ന List of Applicants എന്ന മെനുവിൽ ക്ലിക്ക് ചെയ്യുമ്പോൾ പ്രസ്തുത സ്കൂളിൽ നിന്നും അപേക്ഷിച്ചവരുടെ വിവരങ്ങൾ കാണാവുന്നതാണ്. ഓരോ അപേക്ഷാർത്ഥിയുടെയും പേരിന് നേർക്ക് കാണുന്ന Verify എന്ന ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ അപേക്ഷയുടെ മുഴുവൻ വിവരങ്ങളും കാണാവുന്നതാണ്. സ്കൂളിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും പരിശോധിച്ച് അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കുകയും ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തി Confirm ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷയുടെ വെരിഫിക്കേഷൻ പൂർത്തീകരിക്കാവുന്നതാണ്. സ്കൂളിൽ ലഭിക്കുന്ന അപേക്ഷകൾ 07/02/2022 ന് വൈകിട്ട് 5 മണിക്കുള്ളിൽ വെരിഫിക്കേഷൻ പൂർത്തീകരിക്കേണ്ടതാണ്.

## 5. പാസ്‌വേർഡ് മറന്നുപോയാൽ

അപേക്ഷകർ/സ്കൂൾമേധാവി എന്നിവർ അവരുടെ ലോഗിൻ പാസ്‌വേർഡ് മറന്നുപോയാൽ Forgot Password ലിങ്കിലൂടെ മൊബൈലിൽ ലഭിക്കുന്ന OTP യുടെ സഹായത്താൽ പുതിയ പാസ്‌വേർഡ് സെറ്റ് ചെയ്യാവുന്നതാണ്.

## 6. സാങ്കേതികസഹായം

ഇ-മെയിൽ : nmmss.help.desk@gmail.com

ഫോൺ നമ്പർ : 0471-2546832